ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.02.2025**

## പ്രധാനവാർത്തകൾ

1. നാഷണൽ സർവീസ് സ്കീം അവാർഡുകൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.
2. ഇന്ത്യയുടെ മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറായി ഗ്യാനേഷ് കുമാർ ചുമതലയേറ്റു.
3. ഡൽഹി മുഖ്യമന്ത്രിയെ ഇന്നറിയാം. സത്യപ്രതിജ്ഞ നാളെ. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുക്കും.
4. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസിന്റെ പുതിയ മന്ദിരോദ്ഘാടനം കേന്ദ്ര മന്ത്രി ജെ.പി നഡ്ഡ നാളെ തിരുവനന്തപുരത്ത് നിർവ്വഹിക്കും.
5. സ്ത്രീകൾക്കുള്ള കാൻസർ പ്രതിരോധ വാക്സിൻ ആറ് മാസത്തിനകം രാജ്യത്ത് ലഭ്യമാക്കുമെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാദവ്.
6. ഗോത്ര വർഗ മേഖലകളിൽ നിന്ന് അങ്കണവാടികളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് പോഷകാഹാരം നേരിട്ടെത്തിക്കണമെന്ന് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷൻ.

*****************************

RNU TVPM

## രാഷ്ട്രപതി– എൻ എസ് എസ് അവാർഡ്

നാഷണൽ സർവീസ് സ്കീം അവാർഡുകൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. രാഷ്ട്രപതി ഭവനിലാണ് ചടങ്ങ് നടക്കുക. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം ഏർപ്പെടുത്തിയ ഈ അവാർഡുകൾ സന്നദ്ധ സേവന രംഗത്തെ മികവിന് എല്ലാ വർഷവും എൻ എസ് എസ് വോളന്റിയർമാർ, പ്രോഗ്രാം ഓഫീസർമാർ, എൻ എസ് എസ് യൂണിറ്റുകൾ, സർവകലാശാലകൾ എന്നിവയ്ക്കാണ് നൽകുന്നത്.

*****************************

## മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ

മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറായി ന്യൂഡൽഹിയിലെ നിർവ്വാചൻ സദനിൽ ഗ്യാനേഷ് കുമാർ ചുമതലയേറ്റു. ഇലക്ഷൻ കമ്മീഷൻ അംഗമായിരുന്ന ഗ്യാനേഷ് കുമാർ, രാജീവ് കുമാർ വിരമിച്ച ഒഴിവിലേക്കാണ് നിയമിതനായത്. 1988 ബാച്ച് കേരള കേഡർ IAS ഉദ്യോഗസ്ഥനാണ് ശ്രീ ഗ്യാനേഷ് കുമാർ. രാഷ്ട്രനിർമ്മാണത്തിനുള്ള ആദ്യപടി വോട്ടാണെന്നും 18 വയസ്സ് പൂർത്തിയാക്കിയ ഇന്ത്യയിലെ ഓരോ പൗരനും വോട്ടുചെയ്യണമെന്നും ചുമതലയേറ്റ ശേഷം ജനങ്ങൾക്ക് നൽകിയ സന്ദേശത്തിൽ ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു. ഇന്ത്യൻ ഭരണഘടന, തിരഞ്ഞെടുപ്പ് നിയമങ്ങൾ, ചട്ടങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായി, തിരഞ്ഞെടുപ്പ് കമ്മീഷൻ അന്നും ഇന്നും എന്നും വോട്ടർമാർക്കൊപ്പമുണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

*****************************

RNUTVPM

## ഡൽഹി മുഖ്യമന്ത്രി

ഡൽഹി മുഖ്യമന്ത്രിയെ ഇന്നറിയാം. ന്യൂഡൽഹിയിൽ വൈകിട്ട് നടക്കുന്ന ബിജെപി നിയമസഭാ കക്ഷി യോഗത്തിൽ പുതിയ മുഖ്യമന്ത്രിയെ പ്രഖ്യാപിക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ ബിജെപി എംഎൽഎമാരും പാർട്ടിയുടെ മുതിർന്ന നേതാക്കളും ചർച്ചയിൽ പങ്കെടുക്കും. മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ ചടങ്ങിനായി രാംലീല മൈതാനിയിൽ ഒരുക്കങ്ങൾ തുടങ്ങി. നാളെ ഉച്ചക്ക് 12.05 ന് ഡൽഹി ലെഫ്റ്റനെൻ്റ് ഗവർണ്ണർ സത്യവാചകം ചൊല്ലിക്കൊടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും. ഇതിന് പുറമെ മതനേതാക്കന്മാർക്കും നിയുക്ത എം എൽ എ മാർക്കും രാംലീലമൈതാനിയിൽ പ്രത്യേകം വേദി ഒരുക്കിയിട്ടുണ്ട്. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ 70ൽ 48 സീറ്റുകൾ ബിജെപിക്ക് ലഭിച്ചിരുന്നു.

RNU TVPM

*****************************

## ജയ്ശങ്കർ-ദക്ഷിണാഫ്രിക്ക

രണ്ടു ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ നാളെ ദക്ഷിണാഫ്രിക്കയിലെത്തും. ജൊഹാനസ്ബർഗിൽ നടക്കുന്ന ജി 20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. ശ്രീ.ജയ്ശങ്കറിൻ്റെ സന്ദർശനം ജി 20 രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്നു വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

*****************************

## കാൻസർ വാക്സിൻ

സ്ത്രീകൾക്കുള്ള കാൻസർ പ്രതിരോധ വാക്സിൻ ആറ് മാസത്തിനകം ലഭ്യമാക്കുമെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാദവ്. 9-നും 16 വയസിനുമിടയിൽ പ്രായമുള്ളവർക്കാണ് വാക്സിൻ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. വാക്സിന്റെ ഗവേഷണം അന്തിമ ഘട്ടത്തിലാണ്. രാജ്യത്ത് കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചു വരികയാണെന്നും 30 വയസിന് മുകളിലുള്ള സ്ത്രീകൾക്ക് ആശുപത്രികളിൽ അർബുദ പരിശോധനയ്ക്ക് സൗകര്യം ഒരുക്കുമെന്നും ശ്രീ പ്രതാപ് റാവു ജാദവ് അറിയിച്ചു. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിൽ ആയുഷ് ചികിത്സാ സൗകര്യങ്ങളും ലഭ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

*****************************

## ശ്രീചിത്ര-ജെ.പി നഡ്ഡ

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ പുതിയ മന്ദിരോദ്ഘാടനം കേന്ദ്ര മന്ത്രി ജെ.പി നഡ്ഡയും, കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗും ചേർന്ന് നാളെ നിർവ്വഹിക്കും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ആരോഗ്യ മന്ത്രി വീണാ ജോർജ്, ശശി തരൂർ എംപി, തുടങ്ങിയവർ പങ്കെടുക്കും.

*****************************

## മഹാകുംഭമേള

പ്രയാഗ്‌രാജ് മഹാകുംഭമേള ഈ മാസം 26 ന് സമാപിക്കും. കുംഭമേള നീട്ടിവച്ചതായി സമൂഹ മാധ്യമങ്ങളിൽ വ്യാപകമായി

RNU TVPM

പ്രചരിക്കുന്ന വാർത്തകൾ വ്യാജമാണെന്ന് പ്രയാഗ്‌രാജ് ജില്ലാ മജിസ്ട്രേറ്റ് രവീന്ദ്ര മന്ദാദ് വ്യക്തമാക്കി . മേളയുമായി ബന്ധപെട്ടുള്ള അഭ്യൂഹങ്ങൾ ഉത്തർപ്രദേശ് സർക്കാരും മഹാകുംഭമേള അതോറിറ്റിയും തള്ളി. ഫെബ്രുവരി 26 ന് തന്നെ മഹാകുംഭമേള സമാപിക്കുമെന്നും , തുടർന്നുള്ള ദിവസങ്ങളിൽ ജനങ്ങൾക്ക് സുഗമമായ ദർശനം, പുണ്യസ്നാനം നടത്തിയ ശേഷമുള്ള മടക്കയാത്ര എന്നിവയ്ക്കുള്ള ക്രമീകരണങ്ങൾ ഒരുക്കുമെന്നും ജില്ലാ മജിസ്ട്രേറ്റ് അറിയിച്ചു.

****************************

## പ്രധാനമന്ത്രി

ഛത്രപതി ശിവാജി മഹാരാജിന്റെ ജയന്തി ദിനത്തിൽ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഛത്രപതി ശിവാജി മുന്നോട്ട് വെച്ച നീതി, നിർഭയത്വം എന്നീ മൂല്യങ്ങൾ വരും തലമുറകൾക്ക് പ്രചോദനമാണെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNU TVPM

****************************

## മൻകി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് ഈ മാസം 23-ന്. മൻകി ബാത്തിന്റെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റേയും എല്ലാ നിലയങ്ങളും പരിപാടി തത്സമയം ലഭ്യമാക്കും.

****************************

## യു എസ് -റഷ്യ-യുക്രൈൻ

യുദ്ധം അവസാനിപ്പിക്കാൻ സമവായ ചർച്ചകൾക്ക് ഒരു സംഘത്തെ നിയോഗിക്കാൻ യു എസും റഷ്യയും തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ പുതിയ ആവശ്യമുയർത്തി യുക്രൈൻ. സമവായ ചർച്ചകളിൽ യുക്രൈനിനെ പങ്കെടുപ്പിക്കണമെന്ന് പ്രസിഡന്റ് വൊളേഡിമർ സെലൻസ്കി ആവശ്യപ്പെട്ടു. മുമ്പ് നടന്ന സമവായ ചർച്ചകളിൽ യുക്രൈനിന് പങ്കെടുക്കാൻ അവസരം ലഭിച്ചിരുന്നില്ല. അതേസമയം, യുക്രൈൻ പ്രസിഡന്റ് സമവായചർച്ചകൾക്ക് മോശം മധ്യസ്ഥനായിരിക്കുമെന്ന് യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതികരിച്ചു. യുദ്ധം ആദ്യം അവസാനിപ്പിക്കേണ്ടത് യുക്രൈനാണെന്നും അദ്ദേഹം പറഞ്ഞു.

PNU TVPM

*****************************

## മാർഗ്ഗരേഖ പ്രകാശനം

ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും മോണിറ്ററി മെക്കാനിസത്തിന്റെ മാർഗ്ഗരേഖ പ്രകാശനം ഇന്ന്. വൈകിട്ട് 5.30ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യും.

*****************************

## ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം-പാലക്കാട്(ഇൻട്രോ)

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന

ഭക്ഷ്യ കമ്മീഷൻ ഇന്നു മുതൽ മൂന്നു ദിവസം പാലക്കാട് ജില്ലയിലെ വിവിധ ഗോത്ര വർഗ മേഖലകളിൽ സന്ദർശനം നടത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

*****************************

## ചൂരൽമല പാലം

വയനാട് ഉരുൾപൊട്ടലിൽ പൂർണമായും തകർന്ന ചൂരൽമല പാലം പുനർനിർമിക്കുന്നതിന് 35 കോടി രൂപയുടെ പദ്ധതി നിർദേശം അംഗീകരിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ചൂരൽമല ടൗണിൽ നിന്ന് മുണ്ടക്കൈ റോഡിലേക്ക് എത്തുന്ന രീതിയിലാണ് പാലം നിർമിക്കുന്നത്. മേപ്പാടിയെ മുണ്ടക്കൈ, ആട്ടമലയുമായി ബന്ധിപ്പിച്ചിരുന്ന പാലമാണ് പുനർനിർമ്മിക്കുന്നത്. മുൻപുണ്ടായിരുന്ന പാലത്തിനെക്കാൾ ഉയരം പുതിയ പാലത്തിനുണ്ടാവും. കഴിഞ്ഞവർഷം ജൂലൈ 30-നാണ് ഉരുൾപ്പെട്ടലിനെത്തുർന്നുണ്ടായ മലവെള്ളപ്പാച്ചലിൽ പാലം ഒലിച്ചുപോയത്.

RNU TVPM

*****************************

## ഐസിസി ചാമ്പ്യൻസ് ട്രോഫി

ഐസിസി ചാമ്പ്യൻസ് ട്രോഫിയുടെ ഒമ്പതാം പതിപ്പിന് ഇന്ന് തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ പാകിസ്ഥാൻ ന്യൂസിലൻഡിനെ നേരിടും. കറാച്ചിയിൽ ഇന്ത്യൻ

സമയം ഉച്ചയ്ക്ക് 2.30നാണ് മത്സരം. രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ ടീം നാളെ ബംഗ്ലാദേശിനെ നേരിടും.

*****************************

## ഐ എസ് എൽ

ഐ എസ് എൽ ഫുടബോളിൽ ഇന്ന് ഹൈദരാബാദ് എഫ് സി മുംബൈ സിറ്റിയെ നേരിടും.വൈകുന്നേരം 7 .30 നു ഹൈദരാബാദിലാണ് മത്സരം.

*****************************

## കന്നുകാലി ഇൻഷുറൻസ് -കണ്ണൂർ (ഇൻട്രോ)

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ ഗോസമൃദ്ധി-എൻ.എൽ.എം എന്ന പേരിലുള്ള സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിക്ക് കണ്ണൂർ ജില്ലയിൽ തുടക്കമായി .

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**

(വോയ്സ്)

*****************************

## കള്ളക്കടൽ ജാഗ്രതാ നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കാപ്പിൽ മുതൽ പൂവാർ വരെയുള്ള തീരങ്ങളിൽ ഇന്ന് ഉച്ചയ്ക്ക് 2.30 വരെ ഉയർന്ന തിരമാലകൾക്കും

RNU TVPM

കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

*****************************

## സ്വർണം/ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 242 പോയിന്റ് ഉയർന്നു 76,209 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 57 പോയിന്റ് വർധിച്ചു 23,002 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർധന . സ്വർണം ഗ്രാമിന് 65 രൂപ വർധിച്ചു 8,035 രൂപയും , പവന് 520 രൂപ വർധിച്ചു 64,280 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*****************************

## എൻപ്രൗഡ്

കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻപ്രൗഡ് എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ചതായി മന്ത്രി വീണാ ജോർജ് . ഉപയോഗ ശൂന്യമായ മരുന്നുകൾ വീട്ടിൽ നിന്നും ശേഖരിച്ച് കൊണ്ടു പോകുകയോ നിശ്ചിത സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ സൗകര്യമൊരുക്കുകയോ ചെയ്യും.

*****************************

## അറസ്റ്റ്

കൊച്ചി ചെറായിയിൽ ബൈക്കിൽ കടത്തുകയായിരുന്ന 40 LSD സ്റ്റാമ്പുകളും 1.05 കിലോഗ്രാം കഞ്ചാവും 0.19 ഗ്രാം MDMA യും 166 ഗ്രാം ഹാഷിഷ് ഓയിലും എക്സൈസ് പിടിച്ചെടുത്തു. സംഭവത്തിൽ കൊച്ചി പള്ളിപ്പുറം സ്വദേശി എബി വർഗീസിനെ എക്സൈസ് അറസ്റ്റ് ചെയ്തു.

****************************

## അന്തരിച്ചു- ശ്രീവരാഹം ബാലകൃഷ്ണൻ

കഥാകൃത്തും തിരക്കഥാകൃത്തും അധ്യാപകനുമായ ശ്രീവരാഹം ബാലകൃഷ്ണൻ തിരുവനന്തപുരത്ത് അന്തരിച്ചു. നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു .

RNU TVPM

****************************

## പ്രേം നസീർ പുരസ്കാരം

മലയാള സിനിമയുടെ നിത്യഹരിത നായകൻ പത്മഭൂഷൻ പ്രേംനസീന്റെ സ്മരണാർത്ഥം ചിറയിൻകീഴ് പൗരാവലി ഏർപ്പെടുത്തിയ പ്രേംനസീർ പുരസ്കാരം നടി ഷീലയ്ക്ക് സമ്മാനിച്ചു. പ്രേംനസീറിന്റെ ജൻമനാടായ ചിറയിൻകീഴിലെ ശാർക്കര മൈതാനത്ത് വെച്ച് നടന്ന ചടങ്ങിൽ മന്ത്രി കെ എൻ ബാലഗോപാലാണ് പുരസ്കാരം സമ്മാനിച്ചത്. ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് നൽകുന്ന ഒരു ലക്ഷം രൂപയും ആർട്ടിസ്റ്റ് ബി.ഡി ദത്തൻ രൂപകൽപന ചെയ്ത ശിൽപവുമടങ്ങിയതാണ് പുരസ്കാരം .

****************************

## ദേശീയ കൺവെൻഷൻ

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ യു.ജി.സി കരട് റഗുലേഷനുകൾ സംബന്ധിച്ച ദേശീയ കൺവെൻഷൻ നാളെ തിരുവനന്തപുരത്ത് ചേരും. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മന്ത്രി ആർ.ബിന്ദുവിന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്യും.

*****************************

## മാലിന്യമുക്ത എക്സൈസ് ഓഫീസ്

'മാലിന്യമുക്ത എക്സൈസ് ഓഫീസ് ' തീവ്രയത്ന പരിപാടി മന്ത്രി എം.ബി രാജേഷ് നാളെ ഉദ്ഘാടനം ചെയ്യും. 'മാലിന്യമുക്ത നവ കേരളം' കാമ്പയിനിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോകോൾ ഉറപ്പ് വരുത്തി എല്ലാ എക്സൈസ് ഓഫീസുകളെയും മാലിന്യ മുക്ത ഹരിത ഓഫീസുകൾ ആക്കുന്നതിനുള്ള തീവ്രയത്ന പരിപാടിയാണിത് .

RNUTVPM

*********************************************************************************************

*****************************